## പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **14.10.2011 ൽ** |
| **ചോദ്യം നമ്പർ - 3504** | **മറുപടിക്ക്** |

## ഐ.ടി. മിഷൻ നടപ്പാക്കുന്ന ഇൻസെറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എം.പി. വിൻസെന്റ്: | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | ഐ.ടി. മിഷൻ നടപ്പാക്കുന്ന ഇൻസെറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | വിവര വിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം കാഴ്ചയില്ലാത്തവരിലേയ്ക്കും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ നേരിടുന്നവരിലേയ്ക്കും എത്തിക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയുമാണ് ഇൻസൈറ്റിന്റെ മുഖ്യലക്ഷ്യം. ഇവർക്കാവശ്യമായ സ്വതന്ത്രസോഫ്റ്റ് വെയറിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യാ വികസനവും പരിശീലനവും ഇവിടെ നൽകിവരുന്നു. |
| (ബി) | ഈ പദ്ധതി എവിടെയാണ് നടത്തിവരുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇൻസൈറ്റ് പദ്ധതിക്കു കീഴിൽ കാഴ്ചയില്ലാത്തവർക്കായുള്ള ഒരു റിസോഴ്സ് സെന്റർ തിരുവനന്തപുരത്ത് വെള്ളയമ്പലത്തും, ഓട്ടിസം പോലുള്ള മാനസിക വൈഷമ്യങ്ങൾ അനുഭവിക്കുന്നതും പ്രത്യേക പരിഗണന ആവശ്യമുള്ളതുമായ കുട്ടികൾക്കുള്ള ഐ.ടി. ആക്ടിവിറ്റി ലാബ്, ആഡിയോ ലൈബ്രറി, ഒരു വൊക്കേഷണൽ സെന്റർ എന്നിവ ഉൾക്കൊള്ളുന്ന ഒരു റിസോഴ്സ് സെന്റർ തിരുവനന്തപുരത്ത് തന്നെ മുറിഞ്ഞപാലത്തും പ്രവർത്തിക്കുന്നു. ഇത് കൂടാതെ ഇൻസൈറ്റിന്റെ ഒരു സെന്റർ മലപ്പുറത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി ലൈബ്രറിയിലും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഇത് വ്യത്യസ്ത കഴിവുകൾ ഉള്ളവർക്ക്, പ്രത്യേകിച്ച് കാഴ്ചയില്ലാത്തവർക്കും, മാനസിക വൈഷമ്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്കും വളരെ പ്രയോജനം ചെയ്യുന്ന ഒരു പദ്ധതിയാണെന്ന് ഇതിന്റെ ഗുണഭോക്താക്കൾ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇതിന്റെ പ്രവർത്തനം എല്ലാം ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം നടപടികളാണ് ഇത് സംബന്ധിച്ച് കൈ-കൊള്ളാനുദ്ദേശിക്കുന്നത്; | (ഡി) | സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ഒരു വിഭാഗത്തിന് വേണ്ടിയുള്ള ഒരു സംരംഭം ആയതിനാൽ സർക്കാർ വളരെ വേഗം തന്നെ ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നുണ്ട്. പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെ വേഗം തന്നെ തീരുമാനം എടുക്കുന്നതാണ്. |
| (ഇ) | ഇത്സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ആരെയെ - ങ്കിലും ചുമതല പ്പെടുത്തിയിട്ടുണ്ടോ ; | (ഇ) | പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഈ പദ്ധതി എന്നത്തേക്ക് വ്യാപകമാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ? | (എഫ്) | എത്രയും പെട്ടെന്ന് ഈ പദ്ധതി വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ആഫീസർ